# വചനവിചിന്തനം 2010 ജനുവരി 31, ഞായർ

## Jn 2: 1-

### പുത്രന്റെ ‘സമയവും’ അമ്മയുടെ ‘കരുതലും’

പൗരസ്ത്യ സംസ്കാരത്തിലെ ആചാരവിധികളാണ് കാനായിലെ വിവാഹത്തിന്റെ സാമൂഹിക ഫ്രെയിം. വിരുന്നുണ്ണുന്നവർക്ക് വിളമ്പുന്ന വിഭവങ്ങളിൽ മുൻപന്തിയിലാണ് വീഞ്ഞ്.

സുവിശേഷഭാഗത്തിലെ വിവരണം മുഴുവൻ പടർന്നൊഴുകുന്ന ചിന്ത ‘സമയം’ എന്ന ദൈവശാസ്ത്രബോധത്തിന്റേതാണ്. യോഹന്നാന്റെ ചിന്തയിൽ ‘സമയം’ കാലപ്രവാഹത്തിന്റെ ഘടികാര ചലനമല്ല, ജീവിതപ്രവാഹത്തിന്റെ കയങ്ങളും ചുഴികളുമാണ്. അതായത് ഒരാൾ തന്റെ ജീവിതത്തിൽ കടന്നുപോകേണ്ട പീഠാനുഭവങ്ങളും മരണതുല്യമായ വേദനയുമാണത്.

കാനായിലെ വിവാഹ വീട്ടിൽ ഗൃഹനാഥനും കടന്നുപോകുന്നത് ഈ ‘സമയ’ത്തിലൂടെയാണ്. വിരുന്നുവിളമ്പേണ്ട ഗൃഹനാഥന് ഒരു കണക്കുകൂട്ടലുണ്ട് - അതിഥികളുടെ എണ്ണം , ഒരുക്കേണ്ട വിഭവങ്ങൾ.... പക്ഷേ ഈ വീട്ടിൽ അപ്രതീക്ഷിതമായി എത്തുന്ന അതിഥി ആഘോഷങ്ങളുടെ നിറം കെടുത്താവുന്ന അപമാനഭീതിയാണ്, കാരണം വിരുന്നിന്റെ പാതിവഴിയിൽ വീഞ്ഞിന്റെ ഭരണി കാലിയാവുന്നു. സമൂഹത്തിന്റെ മുമ്പിൽ അവമതിക്കപ്പെടുന്ന ഈ ആതിഥേയന്റെ സംഘർഷങ്ങളാണ് അവൻ കടന്നുപോകേണ്ട സമയം പക്ഷേ ആ വീട്ടിലെ പരി. അമ്മയുടെ ‘കരുതൽ ’അവന്റെ കടന്നുപോകലിനെ ആയാസരഹിതമാക്കുന്നുണ്ട്.

ഈ ‘സമയ’ത്തിന്റെ ഘടികാരം ഇഴയുന്നത്, പിന്നെ മനുഷ്യപുത്രന്റെ ബലിവഴിയിലൂടെയാണ്. ഈ ബലി-മണിക്കൂറിന് അവനെ ഒരുക്കുന്നത് അവന്റെ അമ്മ. കാനായിലെ വിവാഹ വീട്ടിൽ വച്ച്, ‘‘മോനേ അവർക്കു വീഞ്ഞില്ലല്ലോ എന്ന അമ്മയുടെ ആശങ്കയ്ക്ക്, എന്റെ സമയം ഇനിയും ആയിട്ടില്ലല്ലോ’’ എന്നാണ് ക്രിസ്തുവിന്റെ പ്രതികരണം. സമയത്തെക്കുറിച്ചുള്ള അവബോധങ്ങളിൽ കുരിശിന്റെ നിഴൽ വിരിയുന്നതു കണ്ടിട്ട് ഉൾവലിയുന്ന ക്രിസ്തുവിന്റെ മാനസിക ഭാവമാണിത്.

പക്ഷേ അമ്മ അവനെ ഒരുക്കുകയാണ്. ‘‘നിങ്ങൾ അവൻ പറയുന്നതുപോലെ ചെയ്യുവിൻ’’ എന്ന മാതൃമൊഴികൾക്ക് കടലോളം ആഴമുണ്ട്. യേശുവിനെ അത്ഭുതം പ്രവർത്തിക്കാൻ നിർബന്ധിക്കുകയാണ്. ഈ അത്ഭുതം പ്രവർത്തിച്ചാൽ അവൻ ദൈവപുത്രനാണെന്ന് ലോകം അറിയും. അത് ദൈവപുത്രന്റ വെളിപ്പെടുത്തലാണ്. - മഹത്വീകരണം. മഹത്വീകരണത്തിന്റെ മറുവശം ദൈവപുത്രൻ കടന്നുപോകേണ്ട കുരിശിന്റെ വഴികളും പീഠാനുഭവങ്ങളുമാണ്. അതുകൊണ്ട്, അത്ഭുതം പ്രവർത്തിക്കുക എന്നാൽ തന്റെ പീഠാനുഭവങ്ങളിലേയ്ക്ക് കടക്കുക എന്നതാണ് അർത്ഥധ്വനി എന്ന് അമ്മയ്ക്കും പുത്രനുമറിയാം. അതാണ് ബലിയിലേയ്ക്കു നീളുന്ന സമയത്തെപ്പറ്റി പുത്രന്റെ വേദന - ‘‘എന്റെ സമയം ഇനിയും ആയിട്ടില്ലല്ലോ.....’’

പക്ഷേ അമ്മയുടെ സ്നേഹപൂർണ്ണമായ വാക്ക് പുത്രനെ അവന്റെ നിയോഗത്തിലേയ്ക്ക് പറഞ്ഞയയ്ക്കുകയാണ്.

പിന്നീട്, ഗത്സെമൻ തോട്ടത്തിൽ ഈ പുത്രൻ ഏകനാണ് എന്ന് നാം വായിക്കുന്നു. പിതാവിനോട് കഴിയുമെങ്കിൽ ഈ പാനപാത്രം മാറ്റിത്തരണമേ എന്നു പുത്രന്റെ സങ്കടമൊഴി. - പക്ഷേ തൊട്ടടുത്ത നിമിഷം, അല്ല, ഈ മണിക്കൂറിനുവേണ്ടിയാണല്ലോ ഞാൻ വന്നത് എന്ന സമയബോധം ഒരു ഉൾവിളിയായി അവനെ ഉണർത്തിയത്, പണ്ട് കാനായിൽ വച്ച് അമ്മ അവനു നല്കിയ നിയോഗബോധത്തിന്റെ തെളിമകൊണ്ടായിരുന്നില്ലേ.

ഒരമ്മയുടെ കരുതലിന്റെ ബാക്കിപത്രമാണിത്. സ്നേഹമുള്ളവരൊക്കെ തന്റെ പ്രിയപ്പെട്ടവരെ വരും വഴികളിലെ കഠിനയാതനകളിലേയ്ക്ക് മനസ്സ് ഒരുക്കാൻ സഹായിക്കുന്നുണ്ട്. ഈ സ്നേഹപൂർണ്ണമായ സാന്നിദ്ധ്യങ്ങളാണ് ഓരോരുത്തർക്കും അവരുടെ സമയം കടന്നുപോകാൻ കൂട്ടായുള്ളത്. പരി. അമ്മയ്ക്കും ഉണ്ടായിരുന്നു അങ്ങനെ ഒരാൾ ശിമയോൻ എന്ന വൃദ്ധൻ. നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ കടക്കും എന്നു പ്രവചിച്ചത്; സ്വന്തം കുഞ്ഞിനെ കുരിശേറ്റുന്നതിന് സാക്ഷിയാവുക, പിന്നെ ആ മൃതദേഹം ഏറ്റുവാങ്ങി മടിയിൽ കിടത്തുക, എന്നിട്ടും വിറയ്ക്കാതെയും വിതുമ്പാതെയും തന്റെ സമയത്തിലൂടെ കടന്നുപോകാൻ അമ്മയെ ഒരുക്കിയ ശിമയോൻ എന്ന സ്വാത്വിക തേജസ്സ്.

'സമയ'പ്രവാഹവും ജീവിത പ്രവാഹവും സമാന്തരരേഖകളല്ല. സ്വഛമായ ജീവിതപ്രവാഹത്തെ അതിന്റെ വഴികളിൽ എവിടെയൊക്കെയോ വച്ച് കീറിമുറിക്കുന്ന സംഭവഗതികളാണ് 'സമയം'പക്ഷേ അതിനു നമ്മളെ ഒരുക്കാൻ ഒരു സ്നേഹത്തിന്റെ കരുത്തുള്ള സാന്നിദ്ധ്യമുണ്ടാകണം - അതൊരു അമ്മയുടെ സാന്നിദ്ധ്യമാണെങ്കിലോ!

വിനായക് നിർമ്മൽ ഇങ്ങനെകുറിച്ചിട്ടുണ്ട്; പനി ഒരുത്സവമാണ്, അമ്മ അടുത്തുണ്ടെങ്കിൽ ഇടയ്ക്കു ഒടിയെത്തി നെറുകയിൽ തലോടുന്ന സ്നേഹത്തിന്റെ തണുപ്പായി....
അമ്മ ഇല്ലെങ്കിലോ? ആശുപത്രിയുടെ മനം മടുപ്പിക്കുന്ന ഏകാന്തതയും .... മരുന്നിന്റെ ചവർപ്പും....
അമ്മയുടെ സാന്നിദ്ധ്യമാണ് 'സമയം' കടന്നു പോകാൻ നമ്മെ പാകപ്പെടുത്തുന്നത്.

ജീവിതയാത്ര തുടങ്ങിയതേയുള്ളു ദമ്പതികൾ. രണ്ടുകുഞ്ഞുങ്ങൾ! ഒരുപാടുസ്വപ്നങ്ങളും. പച്ചപ്പുനിറഞ്ഞ ഇടങ്ങളിലൂടെ യാത്ര. പക്ഷേ ഒരു ബൈക്ക് യാത്ര അവസാനിച്ചത് എല്ലാം തല്ലിക്കൊഴിച്ചുകൊണ്ടാണ്. അപകടത്തിൽ ഭാര്യയേയും മക്കളേയും തനിച്ചാക്കി ഭർത്താവിന്റെ ദൂരയാത്ര. ചേതനയറ്റ അവന്റെ ശരീരത്തിനു മുമ്പിൽ നിൽക്കുമ്പോൾ അവളുടെ കണ്ണിലും കാഴ്ചകളിലും ഇരുട്ടുമാത്രമായിരുന്നു. മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനപോലും മുഴുമിപ്പിക്കാൻ സമ്മതിക്കാതെ ആ സ്ത്രീ !

പ്രിയപ്പെട്ടവരൊക്കെ അവളെ താങ്ങി. പിന്നെ ഒരുക്കി– ഉള്ളിൽ എന്നും കനൽകെടാതെ സൂക്ഷിച്ച അവളിലെ മാതൃസ്നേഹത്തെ ഉണർത്തിക്കൊണ്ട്. അമ്മ കൈവിടില്ലെന്ന ഉൾവെളിച്ചം അവളെ ഈ സമയത്തിലൂടെ കടന്നുപോകാൻ കരുത്തായി. ഇന്നവൾ പറയുന്നത് കുരിശിന്റെ താഴെനിന്ന അമ്മയുടെ വിറകൊള്ളാത്ത കൈകളിൽ പിടിച്ചു ഞാൻ ജീവിതത്തിലേയ്ക്ക് നടന്നു എന്നാണ്.

പരി. അമ്മയുടെ കൈപിടിച്ചുതന്നെ ജീവിതപ്രവാഹത്തിന്റെ ചുഴികളിൽ നിന്ന് കരകയറാം....

**ഫാ. അലക്സ് വേലച്ചേരിൽ.**